**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4018** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വനിതാ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എച്ച്. സലാം,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനിതകളിൽ തൊഴിൽ, ലിംഗ സമത്വം, സംരംഭകത്വം എന്നിവയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | **(എ) സംസ്ഥാനത്തെ വനിതകളിൽ തൊഴിൽ, ലിംഗ സമത്വം, സംരംഭകത്വം എന്നിവയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് പരിശോധിച്ചിട്ടുണ്ട്. എക്കണോമിക് സർവ്വേ 2024 ലേബർ ഫോഴ്സ് പാർട്ടിസിപ്പേഷൻ റേറ്റ് (LFPR) കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഉയരുന്നതായി പരാമർശിക്കുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കേരളത്തിലെ സ്ത്രീകളുടെ LFPR (റൂറൽ+ അർബൻ) നിരക്ക് ദേശീയ ശരാശരിയേക്കാൾ സ്ഥിരമായി മെച്ചപ്പെടുന്നതായി പരാമർശിച്ചിരിക്കുന്നു. 2023-24 ലെ SDG Index Goal 5 പ്രകാരം ദേശീയ തലത്തിൽ വിവിധ സംസ്ഥാനങ്ങളിലെ ലിംഗ സമത്വത്തിൽ കേരളം മൂന്നാമതായി (സ്കോർ 66) പരാമർശിച്ചിരിക്കുന്നു.** |
| (ബി) | നിലവിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകളുടെയും അവരിൽ തൊഴിൽ ചെയ്യുന്നവരുടെയും എണ്ണത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | (ബി)നിലവിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകളുടെയും അവരിൽ തൊഴിൽ ചെയ്യുന്നവരുടെയും എണ്ണത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി വിദ്യാഭ്യാസം നേടി career break ഉണ്ടായ സ്ത്രീകളെ ജോലിയിലേയ്ക്ക് തിരികെ എത്തിക്കുന്നതിന്റെ ഭാഗമായി സ്ത്രീകൾക്ക് നൈപുണ്യപരിശീലനം നല്കുന്ന പദ്ധതി ASAP, Gender Park എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കി വരുന്നു. ടി പദ്ധതിയിലൂടെ ASAP മുഖേന 30 സ്ത്രീകൾക്കും, Gender Park മുഖേന 75 സ്ത്രീകൾക്കും പരിശീലനം നല്കി placement ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനും കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന | (സി) | (സി) സംസ്ഥാനത്തെ വനിതകളുടെ സാമ്പത്തിക സാമൂഹിക സ്ഥിതി മെച്ചപ്പെടുന്നതിനും അവരെ സ്വയം പര്യാപ്തമാക്കുന്നതിന്റെയും ഭാഗമായി വിവിധ ദേശീയ ധനകാര്യ കോർപ്പറേഷനുകളുടെ സഹായത്തോടുകൂടി സംരംഭക വായ്പകൾ നൽകി |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | | വരുന്നുണ്ട്. സംരംഭക വായ്പകൾക്ക് പുറമെ വനിതകളെ ധൈര്യപൂർവ്വം ജീവിത സാഹചര്യങ്ങളെ നേരിടുന്നതിനും സ്വയം തീരുമാനമെടുക്കുന്നതിനും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുന്നതിനും, വേണ്ടി RSETI മുഖേന പ്രത്യേക സംരംഭക പരിശീലന പരിപാടിയും വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കോർപ്പറേഷന്റെ തന്നെ ഫിനിഷിംഗ് സ്കൂളായ റീച്ച് മുഖേന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികളും കോർപ്പറേഷൻ സംഘടിപ്പിച്ചു വരുന്നു.<br><br>മേൽ സൂചിപ്പിച്ച പ്രകാരം വനിതകളുടെയും ട്രാൻസ്ജെൻഡേഴ്സിന്റെയും ഉന്നമനവും സാമ്പത്തിക സ്വാശ്രയത്വവും ലക്ഷ്യമാക്കി നടത്തിയ പ്രവർത്തനങ്ങളിലൂടെ ഒട്ടനവധി സംരംഭകരെയാണ് വിവിധങ്ങളായ വായ്പ പദ്ധതികളിലൂടെ കോർപ്പറേഷൻ സംസ്ഥാനത്തിന് സംഭാവന ചെയ്തിട്ടുള്ളത്. വളർന്നു വരുന്ന സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ശരിയായ ദിശയിൽ അവരുടെ വ്യവസായം ലാഭകരമാക്കി മാറ്റുന്നതിന് സഹായകരമാകുന്ന ഒരു പ്രോജക്റ്റ് കൺസൾട്ടൻസി വിംഗും വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കോർപ്പറേഷൻ സ്ത്രീ സംരംഭകർക്കായി ഒരുക്കിയ പ്രദർശന വിപണന മേള 'എക്സ്ലേറ 25'-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | (ഡി) സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമിട്ട് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതാ സംരംഭകർക്കായി ഒരുക്കിയ പ്രദർശന വിപണന മേളയാണ് എസ്കലേറ എക്സ്പോ 2025. സംരംഭകരായ വനിതകൾക്ക് വിപണി കണ്ടെത്താൻ സഹായിക്കുക എന്നതായിരുന്നു എസ്കലേറയുടെ പ്രധാന ലക്ഷ്യം. തിരുവനന്തപുരം ആർ ഡി ആർ കൺവെൻഷൻ സെന്ററിൽ വച്ച് 2025 ഫെബ്രുവരി 25 മുതൽ മാർച്ച് 3 വരെയാണ് മേള സംഘടിപ്പിച്ചത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള സംരംഭകർ മേളയുടെ ഭാഗമായി. മേളയുടെ ഭാഗമായി സെമിനാറുകൾ, കലാപരിപാടികൾ, ഭക്ഷ്യമേള എന്നിവ സംഘടിപ്പിച്ചു. കൂടാതെ NHM ന്റെ നേതൃത്വത്തിൽ ഏഴ് ദിവസവും കാൻസർ സ്ക്രീനിംഗ് ക്യാമ്പും സംഘടിപ്പിച്ചിരുന്നു. ഏകദേശം 100 ഓളം വനിതാ സംരംഭകർക്ക് പ്രസ്തുത എക്സ്പോ ഗുണകരമായി. അവരുടെ ഉല്പന്നങ്ങൾ വില്ക്കുന്നതിനോടൊപ്പം മറ്റ് പല വൻകിട ബിസിനസ്സ് സംരംഭകരുമായി ബന്ധപ്പെടുന്നതിനും കഴിഞ്ഞു. എക്സ്പോയുടെ ഭാഗമായി ഡിജിറ്റൽ മാർക്കറ്റിംഗ്, ടൂറിസം മേഖലയിൽ വനിതാ സംരംഭകരുടെ സാധ്യതകൾ, സംരംഭകത്വവും വികസനവും എന്നീ |

| | | | |
|---|---|---|---|
| | | | വിഷയങ്ങളിൽ, സെമിനാറുകൾ സംഘടിപ്പിക്കുകയും ആയത് വനിതാ സംരംഭകർക്ക് വളരെയധികം ഉപയോഗപ്രദം ആകുകയും ചെയ്തു.<br><br>NHM ന്റെ നേതൃത്വത്തിൽ ക്യാൻസറിനെ കുറിച്ച് സ്ത്രീകൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആരോഗ്യം, ആനന്ദം, അകറ്റാം അർബുദം എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ സ്ത്രീകൾക്ക് വളരെ ഉപയോഗപ്രദം ആയിരുന്നു.<br><br>സ്ത്രീകൾക്ക് സംരംഭകത്വം, ആരോഗ്യം, സാങ്കേതിക വിദ്യ ഉപയോഗം എന്നീ മേഖലകളിൽ പൂർണ്ണമായ അവബോധം നൽകുന്നതിനും ആധുനിക ബിസിനസ് മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്നതിന് പ്രോത്സാഹനം നല്കുന്നതിനും എസ്കലേറ എക്സ്പോ 2025 ലൂടെ സാധിച്ചു. |

സെക്ഷൻ ഓഫീസർ